**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2297** **12-02-2024 - ൽ മറുപടിയ്ക്ക്**

**ഡെന്റൽ ഹൈജിനിസ്റ്റ് തസ്തിക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ആരോഗ്യ വകുപ്പിന് കീഴിൽ ഡെന്റൽ ഹൈജിനിസ്റ്റുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് വേണ്ടി എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വിശദമാക്കാമോ; | (എ) | ആരോഗ്യവകുപ്പിലെ ഡെന്റൽ ഹൈജീനിസ്റ്റുമാരുടെ നിലവിലെ ഉത്തരവാദിത്തങ്ങൾക്കും ചുമതലകൾക്കും പുറമെ ആരോഗ്യവകുപ്പിൽ നടത്തുന്ന ഡെന്റൽ ക്യാമ്പുകളിൽ ദന്ത ബോധവത്കരണ പ്രവർത്തനങ്ങൾക്ക് ഉപയോഗിച്ച് വരുന്നുണ്ട്. രോഗികൾക്കും, കുട്ടികൾക്കും ബ്രഷിംഗ് ടെക്നിക് ഡെമോൺസ്ട്രേഷൻ, ഔട്ട് റീച്ച് ആക്ടിവിറ്റീസ്, ദന്താരോഗ്യ വിദ്യാഭ്യാസം, IEC/BCC ആക്ടിവിറ്റീസ് തുടങ്ങിയവയിൽ ഡെന്റൽ സർജന്മാരോടൊപ്പം അവരെ സഹായിക്കാൻ ദന്തൽ ഹൈജീനിസ്റ്റുമാരെ ഉപയോഗിക്കുന്നത് വഴി കൂടുതൽ ഉത്തരവാദിത്തങ്ങൾ നൽകുകയും ഇവരുടെ സേവനം കൂടുതൽ കാര്യക്ഷമമായി ഉപയോഗിക്കുവാൻ സാധിക്കുകയും ചെയ്യുന്നു. |
| (ബി) | ഡെന്റൽ യൂണിറ്റുകൾ ഉണ്ടായിട്ടും ഡെന്റൽ ഹൈജിനിസ്റ്റുകൾ ഇല്ലാത്ത ആശുപത്രികളിൽ ഡെന്റൽ ഹൈജിനിസ്റ്റുകളെ നിയമിക്കാനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ടോ; വിശദമാക്കാമോ; | (ബി) | അത്യാവശ്യമായി വേണ്ടി വരുന്ന സ്ഥലത്ത് അനിവാര്യമായ എണ്ണം തസ്തികകൾ ഗ്യാപ് അനാലിസിസ് നടത്തി കണ്ടെത്തി ഘട്ടം ഘട്ടമായി സൃഷ്ടിക്കുന്ന കാര്യം പരിശോധിച്ചു വരുന്നുണ്ട്. |
| (സി) | തിരൂരങ്ങാടി സർക്കാർ താലൂക്ക് ആശുപത്രിയിൽ ഡെന്റിസ്റ്റ് ഉണ്ടായിട്ടും ഡെന്റൽ ഹൈജിനിസ്റ്റ് തസ്തികയില്ല എന്നത് പരിഗണിച്ച് പ്രസ്തുത തസ്തിക സൃഷ്ടിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ;വിശദമാക്കാമോ? | (സി) | അത്യാവശ്യമായി വേണ്ടി വരുന്ന സ്ഥലത്ത് അനിവാര്യമായ എണ്ണം തസ്തികകൾ ഗ്യാപ് അനാലിസിസ് നടത്തി കണ്ടെത്തി ഘട്ടം ഘട്ടമായി സൃഷ്ടിക്കുന്ന കാര്യം പരിശോധിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ